കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി15/1345/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്, തീയതി-26.07.2017

e-mail:dopkd.ksad@kerala.gov.in

ഫോൺ- 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തേങ്കുറുശ്ശി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തേങ്കുറുശ്ശി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തേങ്കുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും, ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി15/1345/2017 തീയതി-26.07.2017

## പാലക്കാട് ജില്ലയിലെ തേങ്കുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ തേങ്കുറുശ്ശി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 31.08.2016 മുതൽ 23.06.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽ ദാസ്. എസ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24-06-2017 മുതൽ 01-07-2017 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.പ്രേമാനന്ദ്.എസ് | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ. ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ.സി.എൽ.പത്മകുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീമതി. ഫസീല.കെ.എ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| പ്രസിഡണ്ട് | |
|---|---|
| ശ്രീമതി. ഇന്ദിര.സി | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | |
| ശ്രീ.ജയന്തകുമാർ.കെ | 1-4-2016 മുതൽ 31-7-2016വരെ |
| ശ്രീ.ദിനേഷ്.കെ | 1-8-2016 മുതൽ 31-3-2017 വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീ.കൃഷ്ണനുണ്ണി | 1-4-2016 മുതൽ 14-03-2017 വരെ |
| | ശ്രീമതി.ശാന്തിനി. എസ്.വിജയൻ | 15-03-2017 മുതൽ 31-3-2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സുനിൽ കുമാർ | 1-4-2016 മുതൽ 27-06-2016വരെ |
| | ശ്രീ.ലാലു.കെ | 28-06-2016 മുതൽ 31-03-2017 വരെ |
| എച്ച്.എം. | ശ്രീമതി.ബേബി പ്രസന്ന | 1-4-2016 മുതൽ 30-04-2016വരെ |
| | ശ്രീ.പ്രശാന്ത്.സി.എം (ഇൻ ചാർജ്ജ്) | 01-05-2016 മുതൽ 21-07-2016വരെ |
| | ശ്രീമതി.ഉഷ.എൻ.ആർ | 22-07-2016 മുതൽ 31-03-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.കിഷോർ.കെ | 1-4-2016 മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.മഹി.കെ.എസ് | 1-4-2016 മുതൽ 21-03-2017വരെ |
| | ഡോ.ഹേമന്ദ് കുമാർ | 22-03-2017 മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഗീതാ റാണി | 1-4-2016 മുതൽ 31-3-2017വരെ |
| വെറ്റനറി സർജൻ | ഡോ.ലെസ്ല സാഹിബ് | 1-4-2016 മുതൽ 31-3-2017വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ആശ.ആർ | 1-4-2016 മുതൽ 31-3-2017വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പാർവ്വതി.പി | 1-4-2016 മുതൽ 31-3-2017വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.റിഷി.എസ് | 1-4-2016 മുതൽ 25-09-2016വരെ |
| | ശ്രീ.അജയൻ.എസ് | 26-09-2016 മുതൽ 31-3-2017വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം.1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2 | | |
| 1 | 2-1 | ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകളിലെ അപാകതകൾ |
| 2 | 2-2 | വസ്തു നികുതി നിർണ്ണയത്തിൽ അപാകത |
| 3 | 2-3 | വാടകകുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് |
| ഭാഗം 3 | | |
| 1 | 3-1 | ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി-പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തിരികെ അടവാക്കേണ്ടതാണ് |

| | | |
|---|---|---|
| 2 | 3-2 | ഗായത്രി വാട്ടർ ഷെഡ് പ്ലാൻ - പദ്ധതി ഉപേക്ഷിച്ചതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതം തിരികെ അടവാക്കേണ്ടതാണ് |
| 3 | 3-3 | സാക്ഷരത പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് തിരികെ ഈടാക്കിയിട്ടില്ല |
| 4 | 3-4 | ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കേണ്ടതാണ് |
| 5 | 3-5 | പെയിൻ ആന്റ് പാലിയേറ്റിവ് കെയർ - വാഹന വാടക നൽകിയതിലെ അപാകതകൾ |
| 6 | 3-6 | ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 7 | 3-7 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകിയത് മാനദണ്ഡങ്ങൾ പ്രകാരമല്ല |
| 8 | 3-8 | കെ.എസ്.ഇ.ബിയുമായി ഡെപ്പോസിറ്റ് വർക്കിന് മുൻകൂർ നൽകുമ്പോൾ കരാർ ചമച്ചില്ല |
| 9 | 3-9 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് |
| 10 | 3-10 | കേന്ദ്ര സഹായം - ചെലവഴിക്കാത്ത തുക അങ്കണവാടികളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കേണ്ടതാണ് |
| 11 | 3-11 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ |
| 12 | 3-12 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ |
| 13 | 3-13 | ബിറ്റുമിനു വേണ്ടി പെട്രോളിയം കമ്പനികൾക്കു നൽകിയ തുകകളിൽ ബാക്കി ഈടാക്കണം |
| 14 | 3-14 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി - അവലോകനം |
| ഭാഗം 4 | | |
| 1 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 2 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 3 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 5 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 6 | 4-6 | ഓഡിറ്റ് റിക്കവറി |
| 7 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |

| | | |
|---|---|---|
| 8 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 9 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 08-03-2016 തിയതിയിലെ തീരുമാനം.1 പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 19.06.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1ആയി ചേർത്തിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10809675 |
| വരവ് | 67796982 |
| ആകെ | 78606657 |
| ചെലവ് | 63960359 |
| നീക്കിയിരിപ്പ് | 14646298 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13525729 | 13525729 | 11833082 | 1692647 | 87.49 |
| വികസനഫണ്ട് എസ്.സി.പി. | 0 | 14607135 | 14607135 | 13017763 | 1589372 | 89.12 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5499327 | 5499327 | 2054965 | 3444362 | 37.37 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3570048 | 3570048 | 1998736 | 1571312 | 55.99 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7585879 | 7585879 | 5323436 | 2262443 | 70.18 |
| കെ.എൽ.ജി. എസ്.ഡി.പി | 0 | 5342862 | 5342862 | 3427964 | 1914898 | 64.16 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 13326 | 20245484 | 20258810 | 20257339 | 1471 | 99.99 |
| ബി ഫണ്ട് | 0 | 42986610 | 42986610 | 42986610 | 0 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 143 | 65555609 | 110 | 40389964 | - | 33 | 76.92 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 93.91ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1759204 | 4106743 | (+)2347539 | (+)133.44 |
| നികുതിയേതര വരവുകൾ | 842786 | 936887 | (+)94101 | (+)11.17 |
| ആകെ | 2601990 | 5043630 | (+)2443640 | (+)93.91 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 210480 | 143 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 10430500 | 1099 |
| വിധവാപെൻഷൻ | 11539010 | 1197 |
| വാർദ്ധക്യകാലപെൻഷൻ | 14600395 | 1419 |
| വികലാംഗപെൻഷൻ | 2880085 | 309 |
| അവിവാഹിത പെൻഷൻ | 823580 | 82 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-06-2017ന് ഉച്ചയ്ക്ക് ശേഷം 3 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3739രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഡിമാന്റ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്. പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്. ഭരണ സമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ യോഗം കൃത്യമായി ചേരുന്നുണ്ട്. ഡി&ഓ ലൈസൻസ് അപേക്ഷ സ്വികരിക്കുമ്പോൾ ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും കൂടെ സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.06.2017 | 01.04.2017 മുതൽ 31.05.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.04.2011 മുതൽ 16.04.2011 വരെ | 2006-07 മുതൽ 2010-11 വരെ | 18.05.2011 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകളിലെ അപാകതകൾ

I.1996-ലെ കേരളാ പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഡി ആന്റ് ഓ ലൈസൻസ്

അപേക്ഷകളിലും രജിസ്റ്ററുകളിലും രേഖപ്പെടുത്തിയിട്ടുള്ള യന്ത്രത്തിന്റെ കുതിരശക്തിക്കു ആനുപാതികമായി ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കാവുന്ന ഫീസ് | ചുമത്തിയത് | കുറവ് |
|---|---|---|---|---|---|
| 1 | സ്റ്റീൽ മാക്സ് അലോയ്സ് | 2450KW/ 3285 എച്ച്.പി | ആദ്യത്തെ 200 എച്ച്.പിയ്ക്ക് 2000+30850 =32850 | 4000 | 28850 |
| 2 | ദീപം ഗ്രാനൈറ്റ്സ് | 877.5എച്ച്.പി | ആദ്യത്തെ 200 എച്ച്.പിയ്ക്ക് 2000+6775 =8775 | 1300 | 7475 |
| ആകെ | | | 41625 | 5300 | 36325 |

കുറവു വന്ന തുക ഈടാക്കുന്നതിന് മേൽ സ്ഥാപനങ്ങൾക്ക് കത്ത് നൽകിയതായി സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

II.സ്റ്റീൽ മാക്സ് അലോയ്ഡ് എന്ന സ്ഥാപനത്തിന്റെ ഡി&ഒ ലൈസൻസിനുള്ള അപേക്ഷയിൽ 100 ജോലിക്കാർ സ്ഥാപനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 2016-17 സാമ്പത്തിക വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും 10 ജീവനക്കാരുടെ തൊഴിൽ നികുതി മാത്രമേ അടവാക്കിയിട്ടുള്ളൂ.

1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള നോട്ടീസ് വ്യാപാര സ്ഥാപനങ്ങൾക്ക് നൽകേണ്ടതും, വ്യാപാര സ്ഥാപനങ്ങൾ ഫോം 4ൽ റിട്ടേണുകൾ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. വ്യാപാരസ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി നികുതി ഈടാക്കുവാൻ ശ്രമിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണ്ണയത്തിൽ അപാകത

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ രേഖകൾ, സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ചട്ടപ്രകാരം അനുവദനീയമല്ലാതെ നികുതി പരിമിതപ്പെടുത്തുന്നത് പുനപരിശോധിക്കണം.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'ഓഫീസ് ആവശ്യം' എന്ന ഉപയോഗ ഗണത്തിലുൾപ്പെട്ട കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 150 ശതമാനമായി പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ കെട്ടിടങ്ങളുടെ

നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച. മീറ്ററിൽ) | പഴയ നികുതി | നികുതി നിരക്ക് | ഇളവുകൾക്കും വർദ്ധനവുകൾക്കും ശേഷം നിർണ്ണയിക്കാവുന്ന നികുതി നികുതി | നിർണ്ണയിച്ച നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | 6/435 | കോ-ഓപ്പറേറ്റിവ് ബാങ്ക്, കയറംകുളം | 80 | 29 | 50 | 4000 | 73 | 3927 |
| 2 | 6/436 | കോ-ഓപ്പറേറ്റിവ് ബാങ്ക്, കയറംകുളം | 100 | 1811 | 50 | 5000 | 4528 | 472 |
| 3 | 6/62 | തഹസിൽ ദാർ, വില്ലേജ് ഓഫീസ് | 32 | 239 | 50 | 1600 | 598 | 1002 |
| 4 | 6/353 | വട്ടുക സമുദായ ഓഫീസ്, വട്ടുകത്തറ | 25 | 0 | 50 | 1100 | 1000 | 100 |
| 5 | 6/456 | സെക്രട്ടറി, സി.പി.എം ഓഫീസ് | 40 | 10 | 50 | 2200 | 25 | 2175 |
| 6 | 7/148 | സെക്രട്ടറി, വി.സ.കോ ബാങ്ക് | 100 | 322 | 50 | 1500 | 805 | 695 |

27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിന്മേലുള്ള ഭേദഗതി ഉത്തരവിലെ ക്രമ നം.3 പ്രകാരം വാണിജ്യ, വ്യവസായ വിഭാഗങ്ങളിലുൾപ്പെട്ട നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്താവുന്നതാണ്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെയും നികുതി കൃത്യമായി നിർണ്ണയിക്കേണ്ടതും പിരിച്ചെടുക്കേണ്ടതുമാണ്. അപാകത പരിഹരിക്കുന്നതാണെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

## 2-3 വാടകകുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംങ്ങ് കോംപ്ലക്സിലെ താഴെ പറയുന്ന കടമുറിയുടെ 2016-17 സാമ്പത്തിക വർഷത്തിൽ ജൂലൈ മുതൽ മാർച്ച് വരെയുള്ള ഒമ്പത് മാസത്തെ വാടക അടവാക്കിയിട്ടില്ല.

| വാടകക്കാരന്റെ പേരും മേൽവിലാസവും | കടമുറി | വാടക ഈടാക്കേണ്ടത് |
|---|---|---|
| സ്റ്റാജിൻ, s/o നീലകണ്ഠൻ, വാപ്പളം, തേങ്കുറിശ്ശി | 5/430.B | 683x9= 6147 |
| | ആകെ | 6147 |

വാടക കുടിശ്ശിക പിഴ സഹിതം ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വാടകക്കാരന് നോട്ടീസ് നൽകിയതായും തുക ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി-പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതം തിരികെ അടവാക്കേണ്ടതാണ്

2013-14 സാമ്പത്തിക വർഷത്തിൽ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തെങ്കിലും പദ്ധതി ഉപേക്ഷിച്ചു. ടി പദ്ധതി പ്രകാരം പിരിച്ചെടുത്ത തുകയിൽ 2016-17 വാർഷിക ധനകാര്യ പത്രിക പ്രകാരം (AFS Schedule B-4) 175094 രൂപ നാളിതുവരെയും ഗുണഭോക്താക്കൾക്ക് തിരികെ നൽകാതെ അവശേഷിക്കുന്നു. ആയത് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുകയോ ചെയ്യേണ്ടതാണ്.

## 3-2 ഗായത്രി വാട്ടർ ഷെഡ് പ്ലാൻ - പദ്ധതി ഉപേക്ഷിച്ചതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതം തിരികെ അടവാക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് പദ്ധതി നടപ്പിലാക്കാതെ ഉപേക്ഷിച്ചതിനാൽ ഗായത്രി വാട്ടർ ഷെഡ് പ്ലാൻ 2015-16 പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭ്യമായ തുക15000 രൂപ തനത് ഫണ്ടിൽ (AFS Schedule B-4 പ്രകാരം) കിടക്കുകയാണ്. ആകയാൽ തുക തിരികെ അടവാക്കേണ്ടതാണ്.

## 3-3 സാക്ഷരത പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് തിരികെ ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന സാക്ഷരത പ്രേരക്മാർക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 01-04-2014 മുതൽ 31-03-2017 വരെയുള്ള കാലയളവിൽ ഓണറേറിയം, ഫെസ്റ്റിവൽ അലവൻസ് എന്നീ ഇനങ്ങളിൽ നൽകിയ തുകയായ 248132 രൂപ നാളിതുവരെയും സാക്ഷരത മിഷനിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല. തുക സാക്ഷരത മിഷനിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ച് തുക ലഭ്യമാക്കി തനത് ഫണ്ടിലേക്ക്

മുതൽക്കൂട്ടേണ്ടതാണ്.

## 3-4 ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്

| പദ്ധതി വിവരം | അടങ്കൽ | ചെലവ് വിവരം | മരുന്ന് ലഭ്യമാക്കാൻ ബാക്കിയുള്ളത് |
|---|---|---|---|
| പ്രോജക്ട് നം.88/17, പാലിയേറ്റിവ് രോഗികൾക്ക് ആയുർവേദ മരുന്നു വാങ്ങൽ | വികസന ഫണ്ട് (സാധാരണ വിഹിതം): 150000/- രൂപ | ബിൽ നം :4/16-17; 30.01.2017 150000/-രൂപ | 51439/- രൂപ |
| പ്രോജക്ട് നം.143/17, വൃദ്ധർക്ക് ആയുർവേദ മരുന്നു വാങ്ങൽ | വികസന ഫണ്ട് (സാധാരണ വിഹിതം): 150000/- രൂപ | ബിൽ നം : 5/16-17; 08.03.2017 150000/- രൂപ | 72205/- രൂപ |

മേൽ പദ്ധതികൾ പ്രകാരം ഔഷധിക്ക് ആകെ 300000/-രൂപ നൽകിയതിൽ 123644/-രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പു വരുത്തുന്നതിന് കൂടിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആരോഗ്യസ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങി നൽകുന്നതിനുള്ള അനുമതി നൽകിയിരിക്കുന്നത്. എന്നാൽ അതത് സമയങ്ങളിൽ ആവശ്യമായ മരുന്ന് എത്തിക്കാൻ കഴിയാതിരിക്കുന്നത് യഥാർത്ഥ ഗുണം രോഗികൾക്ക് ലഭ്യമാവാത്ത സ്ഥിതിവിശേഷം ഉണ്ടാക്കുന്നതാണ്. മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പെയിൻ ആന്റ് പാലിയേറ്റിവ് കെയർ - വാഹന വാടക നൽകിയതിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പെയിൻ ആന്റ് പാലിയേറ്റിവ് കെയർ എന്ന പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ

അടങ്കൽ :700000 (വികസന ഫണ്ട് – ജനറൽ)

| പദ്ധതിയുടെ ആകെ ചെലവ് | |
|---|---|
| ബിൽ നം./തീയതി | തുക |
| 1/16-17 തീ.21.01.2017 | 34770 |
| 2/16-17തീ.28.03.2017 | 69500 |
| 3/16-17തീ.28.03.2017 | 216652 |
| 6/16-17തീ.31.03.2017 | 109404 |

| | |
|---|---|
| 7/16-17തീ.31.03.2017 | 20450 |
| ആകെ | 450766 |

I.പാലിയേറ്റീവ് കെയറിന്റെ അടിത്തറ, വീടുകൾ കേന്ദ്രീകരിച്ചുള്ള ചികിൽസയായതിനാൽ മേൽ പ്രൊജക്ടിൽ KL-70-6902 എന്ന വാഹനം വാടകയ്ക്ക് എടുത്ത് ഗൃഹകേന്ദ്രീകൃത പരിചരണത്തിനായി യാത്ര ചെയ്യുകയും ആയതിന്റെ വാടകയിനത്തിൽ പ്രതിദിനം 700 രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വാഹനത്തിന്റെ ട്രിപ്ഷീറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയതിൽ വാഹന നമ്പർ, പോയ സ്ഥലത്തിന്റെ വിവരം, യാത്ര ചെയ്ത ആളുകളുടെ എണ്ണം തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വാഹനവാടക കൈപ്പറ്റിയ കൃഷ്ണദാസ് എന്നയാൾ നൽകിയ കൈപ്പറ്റ് രശീതിയിൽ 'തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ വാർഷിക പദ്ധതി 2015-16 ഭാഗമായി പാലിയേറ്റിവ് പാലിയേറ്റിവ് പരിചരണ പദ്ധതി ഹോം കെയറിനായി വാഹനമോടിച്ച വാടകയിനത്തിൽ' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതു ദിവസത്തെ യാത്രയ്ക്കുള്ള വാടകയാണ് കൈപ്പറ്റിയത്, ഏതു തീയതിയിലാണ് തുക കൈപറ്റിയത് തുടങ്ങിയ വിവരങ്ങൾ ഇതിൽ വ്യക്തമല്ല.

II.ഹോം കെയർ നടത്തുന്നതിനായി ശ്രീ.കൃഷ്ണദാസ്.കെ എന്നയാളിന്റെ KL-70-6902 എന്ന വാഹനമാണ് ഉപയോഗിച്ചിട്ടുള്ളത്. ഹോംകെയർ നടത്തിയ ഏപ്രിൽ മാസത്തെ ചില ദിവസങ്ങളിൽ ഒരേ യാത്രയ്ക്ക് രണ്ട് ട്രിപ്പ് ഷീറ്റ് ഹാജരാക്കുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി | നൽകിയ തുക |
|---|---|---|
| 1 | 08.04.2016 | 700x2=1400 |
| 2 | 12.04.2016 | 700x2=1400 |
| 3 | 18.04.2016 | 700x2=1400 |
| 4 | 22.04.2016 | 700x2=1400 |
| 5 | 26.04.2016 | 700x2=1400 |
| 6 | 28.04.2016 | 700x2=1400 |

വൗച്ചറുകൾ കൃത്യമായി പരിശോധിക്കാതെ ഇപ്രകാരം അധികം നൽകിയ 6x700=4200/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (സാധാ) നം. 3217/2015/തസ്വഭവ തീയതി 29.10.2015 ലെ പുതുക്കിയ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/1.7.2017) തീയതികൾ തെറ്റായി രേഖപ്പെടുത്തിയതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. ഇത് അംഗീകരിക്കാവുന്നതല്ല.

## 3-6 ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ ഭവന നിർമ്മാണ പ്രോജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ ഭവന നിർമ്മാണപദ്ധതികളിലെ

ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാൻ ബാക്കിയുണ്ടെന്ന് കാണുന്നു. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ആകെ തുക | കൈപ്പറ്റാൻ ബാക്കി നിൽക്കുന്ന തുക | അവസാനം തുക കൈപ്പറ്റിയ തിയ്യതി | പദ്ധതിയുടെ വിവരം |
|---|---|---|---|---|---|
| 1 | രാജേഷ് ഖന്ന | 140000 | 60000 | 22.3.2017 | പ്രൊ.നം- 18/16-17 |
| 2 | സരസ്വതി | 140000 | 60000 | 22.3.2017 | |
| 3 | ചന്ദ്രിക | 140000 | 60000 | 22.3.2017 | |
| 4 | രാമചന്ദ്രൻ | 100000 | 100000 | 29.3.2017 | പ്രൊ.നം- 120/16-17 |
| 5 | മണി | 40000 | 160000 | 29.3.2017 | |

ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നൽകിയത് മാനദണ്ഡങ്ങൾ പ്രകാരമല്ല

പ്രോജക്ട് നമ്പർ : 106/17

നിർവ്വഹണോദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ തുക -453500 (വികസനഫണ്ട് - 353500, ബ്ളോക്ക് പഞ്ചായത്ത് വിഹിതം- 100000)
ചെലവ്- 159116 (ബിൽ നം.1/31-03-2017)

ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി നല്കിയതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ചേർക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ് സ.ഉ(സാധാ)നം.50/2017/തസ്വഭവ തീയതി 7/1/17 ഉത്തരവ് പ്രകാരം ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് പരാമവധി 4 രൂപവരെ സബ്സിഡി നൽകാവുന്നതാണ്. ക്ഷീരവികസന വകുപ്പ് 1 രൂപയാണ് സബ്സിഡി നൽകുന്നതെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികമായി സബ്സിഡി നൽകാം. എന്നാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ക്ഷീരവികസനവകുപ്പും ചേർന്ന് കർഷകർക്ക് നൽകുന്ന സബ്സിഡി തുക ഒരു ലിറ്റർ പാലിന് 4 രൂപയിൽ അധികരിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ പാലിന് 2 രൂപ നിരക്കിലാണ് സബ്സിഡി നൽകിയിരിക്കുന്നത്. പ്രോജക്ടിനായി 453500 അടങ്കൽ തുക വകയിരുത്തിയിട്ടും സബ്സിഡി പൂർണ്ണമായ നിരക്കിൽ നൽകിയിട്ടില്ല. കോട്ടടി,വലിയാട്ടുകുന്ന് , മഞ്ഞളൂർ എന്നീ ക്ഷീരോല്പാദക സഹകരണസംഘങ്ങളിൽ നിന്നും ഗുണഭോക്താകൾക്ക് സബ്സിഡി നൽകിയതുമായി ബന്ധപ്പെട്ട് സമർപ്പിച്ച രേഖകളിൽ ക്ഷീര കർഷകരുടെ അക്കൗണ്ടിൽ കോട്ടടി ക്ഷീരോല്പാദക സഹകരണ സംഘത്തിൽ നിന്നും തുക നൽകിയിട്ടുള്ള രേഖകൾ മാത്രമെ ഓഡിറ്റിന്

ഹാജരാക്കിയിട്ടുള്ളു.വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്ഷീര സംഘത്തിന്റെ പേര് | തുക കൈമാറിയത് | കുറിപ്പ് |
|---|---|---|---|
| 1 | കോട്ടടി ക്ഷീര സംഘം | 52730 | ------ |
| 2 | വലിയാട്ടുകുന്ന് ക്ഷീര സംഘം | 71620 | ഗുണഭോക്താക്കൾക്ക് തുക നൽകിയതായി രേഖകൾ ഹാജരാക്കിയിട്ടില്ല |
| 3 | മഞ്ഞളൂർ ക്ഷീര സംഘം | 34766 | ഗുണഭോക്താക്കൾക്ക് തുക നൽകിയതായി രേഖകൾ ഹാജരാക്കിയിട്ടില്ല |

ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.8 തീയതി 30/6/2017) മറുപടി ലഭ്യമാക്കിയിട്ടില്ല. വലിയാട്ടുകുന്ന് , മഞ്ഞളൂർ എന്നീ ക്ഷീരോല്പാദക സഹകരണസംഘങ്ങളിൽ നിന്നും ഗുണഭോക്താകൾക്ക് സബ്സിഡി നൽകിയതുമായി ബന്ധപ്പെട്ട് രേഖകൾ സമർപ്പിക്കാത്തതിനാൽ 106386 ചെലവ് തുക (71620+34766) തടസ്സത്തിൽ വയ്ക്കുന്നു.

## 3-8 കെ.എസ്.ഇ.ബിയുമായി ഡെപ്പോസിറ്റ് വർക്കിന് മുൻകൂർ നൽകുമ്പോൾ കരാർ ചമച്ചില്ല

വൈദ്യുത വിതരണ പ്രോജക്റ്റുകൾ ഏറ്റെടുക്കുമ്പോൾ തന്നെ കെ.എസ്.ഇ.ബി യും ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനവുമായി കരാറിൽ ഏർപ്പെടണമെന്ന് സർക്കുലർ നം.40305/ഡി.പി.1 /03/ത.സ്വ.ഭ.വ, തീയതി.21-08-2003 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകുമ്പോൾ കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. കരാർ വെയ്ക്കാത്തതിനാൽ പദ്ധതി പൂർത്തീകരണം വൈകുകയോ മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ തുടർ നടപടികൾ സ്വീകരക്കണമെങ്കിൽ കരാർ നിർബന്ധമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| കെ.എസ്.ഇ.ബി | 67/17, തെരുവു വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 13/25-01-17 | 500000 |
| കെ.എസ്.ഇ.ബി | 5/17, അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ | 14/27-02-17 | 40000 |
| കെ.എസ്.ഇ.ബി | 78/17, ഇലക്ട്രിക പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 15/27-02-17 | 100000 |

കരാർ ഒപ്പിട്ടതിനു ശേഷം മാത്രം ഡെപ്പോസിറ്റ് തുക കൈമാറാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ കെ.എസ്.ഇ.ബി.ക്ക് കൈമാറിയ മുഴുവൻ തുകയ്ക്കും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-9 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും തുക പിൻവലിച്ച് പാലക്കാട് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ നമ്പരും, പേരും | ചെലവഴിച്ച തുക | ബിൽ നമ്പർ/തീയതി |
|---|---|---|
| 82/17, കന്നുകുട്ടി പരിപാലനം | 337500 | 5/2016-17/29-3-17 |

പദ്ധതി പൂർത്തീകരിച്ചതിനു ശേഷം വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-10 കേന്ദ്ര സഹായം - ചെലവഴിക്കാത്ത തുക അങ്കണവാടികളുടെ പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടി (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അംഗനവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അംഗനവാടികളിൽ കുടിവെള്ളം,വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും,കളിക്കോപ്പുകൾ,ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തേങ്കുറിശ്ശി ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്സ് സ്കീം പ്രകാരം ലഭിച്ച തുക 1882542 ( പതിനെട്ട് ലക്ഷത്തിൽ എൺപത്തിരണ്ടായിരത്തി അഞ്ഞൂറ്റി നാല്പത്തി രണ്ട് രൂപ) 2016-17 വാർഷിക കണക്കിലെ ബി-4 പട്ടിക പ്രകാരം വിനിയോഗിക്കാതെ സൂക്ഷിക്കുന്നുണ്ട്.

അങ്കണവാടികളിൽ അടിസ്ഥാനസൗകര്യങ്ങൾ - അവലോകനം

ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 25 അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സംബന്ധിച്ച വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | സ്വന്തമായി സ്ഥലമില്ലാത്തവയുടെ എണ്ണം | 2 |
| 2. | സ്വന്തമായി കെട്ടിടമില്ലാത്തവ | 2 |
| 3. | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്നവ | 2 |

| | | |
|---|---|---|
| 4. | വൈദ്യുതീകരിക്കാത്തത് | 1 |
| 5. | ബേബിഫ്രണ്ട് ലി ടോയ് ലറ്റ് ഇല്ലാത്തവ | 18 |
| 6 | ചുറ്റുമതിൽ ഇല്ലാത്തവ | 3 |

കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, വൈദ്യുതി കണക്ഷൻ, ടോയ് ലെറ്റ്, ചുറ്റുമതിൽ, ബേബി ഫ്രണ്ട് ലീ ടോയ് ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഗ്രാമപഞ്ചായത്ത് കേന്ദ്ര സഹായം അടിയന്തിരമായി ഉപയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹിച്ച പദ്ധതികൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച 12 (3സ്പിൽ ഓവറും 9 പുതിയതും) പ്രൊജക്ടുകളും നടപ്പാക്കിയിട്ടുണ്ട്. വികസന ഫണ്ട് (എസ്.സി.പി)യിൽ നിന്നും അനുവദിച്ച രൂ:90,94,435/-യിൽ രൂ:8578657/- (94.32%) ചെലവഴിച്ചിട്ടുണ്ട്. നിർവ്വഹണം നടത്തുമ്പോൾ പദ്ധതി മാർഗരേഖയിലെയും ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെയും വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പ്രൊജക്ട് ഫയലുകൾ പരിശോധിച്ചതിൻമേലുള്ള നിരീക്ഷണങ്ങൾ ചുവടെ കൊടുക്കുന്നു.

ആശ്രയ പദ്ധതിക്കായി അനുവദിച്ച തുക പ്രയോജനപ്പെടുത്തണം

രണ്ടു പ്രോജക്ടുകളിൽ നിന്നും ആശ്രയ പദ്ധതിക്കായി രു:500,000/- കുടുംബശ്രീക്ക് കൈമാറിയിട്ടുണ്ട്. തുക നൽകിയതിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പറും പേരും | അടങ്കൽ | ചെലവ് | ബിൽ നം. |
|---|---|---|---|---|
| 1 | 29/17:ആശ്രയ (സ്പിൽ ഓവർ) | 100,000 | 100,000 | 19/27.02.17 |
| 2 | 87/17:ആശ്രയ | 650,000 | 400,000 | 20/27.02.17 |
| | ആകെ | 750000 | 500000 | |

നാരായണൻ പരിയാരത്ത്, വേലായുധൻ പട്ടിമാർത്തറ എന്നീ രണ്ട് ഗുണഭോക്താക്കൾക്ക് രൂ:250,000/- വീതം ഭവനനിർമ്മാണത്തിനായി അനുവദിച്ച ഈ തുക ഇപ്പോഴും ആശ്രയ രണ്ടാം ഘട്ടത്തിനായി കനറാ ബാങ്കിൽ കുടുംബശ്രീ ആരംഭിച്ച അക്കൗണ്ടിൽ (അക്കൗണ്ട് നം.0745101052467) സൂക്ഷിച്ചിരിക്കുകയാണ്.

ഭവന നിർമ്മാണം ത്വരിതപ്പെടുത്തി തുക വിനിയോഗിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പദ്ധതികൾ

1.അനുവദിച്ച തുകയുടെ 46% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്.

അസിസ്റ്റന്റ് എഞ്ചിനീയർക്ക് അനുവദിച്ച പ്ലാൻ, മെയ്ന്റനൻസ് ഗ്രാന്റ് തുകകളുടെ 25.24%

മാത്രമാണ് തൻവർഷം ചെലവഴിച്ചത്. വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) . 13.19% മാത്രമാണ് ചെലവഴിച്ചത്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാന വർഷം ലഭിച്ച തുകയുടെ 50%ൽ അധികം ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയത് അഭിലഷണീയമല്ല. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | അനുവദിച്ച തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) | 2095790 | 276437 | 13.19 |
| വികസന ഫണ്ട് (എസ്.സി.പി) | 6180200 | 3973606 | 64.3 |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 1805185 | 407308 | 22.56 |
| വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 5342862 | 3427964 | 64.16 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 5499327 | 2054965 | 37.37 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3300648 | 1030877 | 31.23 |
| ആകെ | 24224012 | 11171157 | 46.12 |

2. കരാർ പ്രകാരമുള്ള സമയത്ത് പ്രവൃത്തി പൂർത്തിയാക്കാതിരുന്നിട്ടും കാലതാമസത്തിനുള്ള പിഴ ഈടാക്കിയിട്ടില്ല.

പ്രൊജക്ട് നം.40/17:(129/16):പി.എച്ച്.സി.- വിവിധ സബ്സെന്ററുകളുടെ നവീകരണം എന്ന സ്പിൽ ഓവർ പദ്ധതി കരാറിൽ പറഞ്ഞ സമയത്ത് പൂർത്തീകരിക്കാത്തതിനാൽ ഫൈനൽ ബില്ലിൽ നിന്നും കരാർ ഉടമ്പടി ഖണ്ഡിക 7 പ്രകാരം രൂ:20391/-പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ 4469/- മാത്രമാണ് പിഴയായി ഈടാക്കിയത്. കുറവുവന്ന രൂ:15922/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ബിൽ നം |
|---|---|---|---|
| മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) | 475000/- | 446943 | 6/28.01.17 |

കരാർ നം.37/15.09.15 കരാർ തുക:രൂ:472989/- കരാറുകാരൻ: രമേഷ്. ആർ

അളവു പുസ്തകം നം.301/15-16, 304/15-16, 305/15-16 ആകെ പ്രവൃത്തി മൂല്യം: രൂ:446,943/-

കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി: 20.3.16 പൂർത്തീകരിച്ച തീയതി: 26.12.16

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.6/29.06.17ന്റെ ഖണ്ഡിക 1ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 21.03.16 മുതൽ 27.04.16വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 28.04.16 മുതൽ 27.07.16 വരെ: 472989*1% =4730.00

പിഴ: 28.07.16 മുതൽ 27.10.16 വരെ: 472989*2% =9460.00

പിഴ: 28.10.16 മുതൽ 25.12.16 വരെ: 472989*2%*59/90 =6201.00

പിഴ: ആകെ =20391.00

പിഴ ഈടാക്കിയത് =04469.00

ബാക്കി =15922.00

=============================================

## 3-13 ബിറ്റുമിനു വേണ്ടി പെട്രോളിയം കമ്പനികൾക്കു നൽകിയ തുകകളിൽ ബാക്കി ഈടാക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ ടാറിങ്ങ് പ്രവൃത്തികൾക്ക് ബിറ്റുമിൻ ലഭ്യമാക്കുന്നതിന് വേണ്ടി ഹിന്ദുസ്ഥാൻ കൊലാസ് പ്രൈവറ്റ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ മുൻകൂർ തുകകളിൽ വിതരണം ചെയതതിന്റെ വില കഴിച്ചുള്ള രൂ:28975/- (26155 + 2820) തിരികെ ഈടാക്കിക്കാണം.

ഓരോ പ്രവൃത്തികൾക്കും ആവശ്യമായ ബിറ്റുമിന്റെ അളവ് കണക്കാക്കി ആവശ്യമായ തുക ആ പ്രോജക്ടിനായി വകയിരുത്തിയ ഫണ്ടിൽ നിന്നും പിൻവലിക്കുകയും ഈ തുക സെക്രട്ടറിയെ ഏൽപ്പിക്കുകയുമാണുണ്ടായത്. സെക്രട്ടറി പെട്രോളിയം കമ്പനികൾക്ക് തുക കൈമാറിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആവശ്യപ്പെട്ട ബിറ്റുമിന്റെ അളവ് | കമ്പനിയുടെ പേര് | ചെക്ക് നം. | തുക |
|---|---|---|---|---|
| 1 | RS1-26 ബാരൽ<br>SS1-32 ബാരൽ | ഹിന്ദുസ്ഥാൻ കെലാസ് പ്രൈവറ്റ് ലിമിറ്റഡ് | 1607741/ 13.03.17 | 602588 |
| 2 | VG-30(S65) 247ബരൽ | ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് | 1607742/ 13.03.17 | 1402410 |

കമ്പനികളിൽ നിന്നും ബിറ്റുമിൻ ലഭ്യമായതിന്റെ വിവരം:

| 1. ഹിന്ദുസ്ഥാൻ കൊലാസ് പ്രൈവറ്റ് ലിമിറ്റഡ് | | | |
|---|---|---|---|
| ക്രമ നം. | ഇൻവോയ്സ് നം. | ലഭിച്ച ബിറ്റുമിന്റെ അളവ് | തുക |
| 1 | 3118/24.03.17 | 32 ബാരൽ SS1 | 385374 |
| 2 | 3119/24.03.17 | 08 ബാരൽ RS1 | 58787 |
| 3 | 3122/24.03.17 | 18 ബാരൽ RS1 | 132272 |
| | ആകെ | RS1-26 ബാരൽ SS1-32 ബാരൽ | 576433 |

ഹിന്ദുസ്ഥാൻ കൊലാസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും തിരികെ ലഭിക്കാനുള്ളത് രൂ:26155/-

(602588-576433).

| 2. ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് | | | |
|---|---|---|---|
| ക്രമ നം. | ഇൻവോയ്സ് നം. | ലഭിച്ച ബിറ്റുമിന്റെ അളവ് | തുക |
| 1 | 16007691/17.03.17 | 60 ബാരൽ VG-30 | 335901 |
| 2 | 16008544/27.03.17 | 120 ബാരൽ VG-30 | 671803 |
| 3 | 16008967/30.03.17 | 10 ബാരൽ VG-30 | 55984 |
| 4 | 16008410/27.03.17 | 60 ബാരൽ VG-30 | 335901 |
| ആകെ | | 250 ബാരൽ VG-30 | 1399589 |

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും തിരികെ ലഭിക്കാനുള്ളത് രൂ:2821/-

(1402410 -1399589) ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.13/01.07.17) ഹിന്ദുസ്ഥാൻ കെലാസ് പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും തിരികെ ലഭിക്കാനുള്ള തുക ഈടാക്കാമെന്നും, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും 2ബാരൽ ബിറ്റുമെൻ ലഭ്യമാക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടി പൂർത്തിയാകുന്നമുറക്ക് ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-14 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2016-17 വർഷത്തെ മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | വിശദാംശം | വിവരങ്ങൾ |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3573 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3573 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 805 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 74290000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണ | 197 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 177 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം | 2 |
| 8 | തൻവർഷത്തെ വരവ് (മുന്നിരിപ്പും പലിശയും ഉൾപ്പെടെ) | 20258810 |
| 9 | തൻവർഷത്തെ ചെലവ് (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 20257339 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2097 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2018 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 14 |
| 13 | (a) തൊഴിൽ ആവശ്യപ്പെട്ടിട്ടും ലഭിക്കാതിരുന്നവരുടെ എണ്ണം. | 0 |
| | (b) തൊഴിൽ രഹിത വേതനം | 0 |

| ക്രമനം. | വിശദാംശം | വിവരങ്ങൾ |
|---|---|---|
| | ലഭ്യമായവരുടെ എണ്ണം. | |
| | (c) നൽകിയ തുക | 0 |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | 0 |
| 15 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് | ബാനർ സ്ഥാപിച്ചു |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | കിണർ-24<br>കുളം-4<br>കിണർ റീചാർജ്-2 |
| 17 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | നടന്നിട്ടില്ല |
| 18 | പരാതി രജിസ്റ്ററിന്റെ വിവരം | സൂക്ഷിച്ചിട്ടുണ്ട്. പരാതിയൊന്നും ലഭിച്ചിട്ടില്ല. |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | ഒന്നുമില്ല. |
| 20 | വേതനം നൽകുവാൻ കാലതാമസം സംബന്ധിച്ച വിവരം | 2016 ഡിസമ്പർ മുതലുള്ള വേതനം ഇനത്തിൽരൂ:39,73,882/- കുടിശികയുണ്ട്. |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമനം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2016-17 വർഷം | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | 0 | 0 |
| 2 | വരൾച്ച തടയൽ, വനവത്കരണം | 06 | 62410 |
| 3 | ചെറുകിട ജലസേചനം | 59 | 11572096 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ ഉടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 70 | 2369024 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 25 | 4406209 |
| 6 | ഭൂവികസനം | 2 | 110739 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 0 | 0 |
| 8 | വീട്ടു നിർമ്മാണം - ഐ.എ.വൈ | 35 | 613200 |
| | ആകെ | 197 | 19133678 |

വേതനം ഒരു കാരണവശാലും രണ്ടാഴ്ച്ചയിൽ കൂടുതൽ വൈകരുത് എന്ന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും 2016 ഡിസംബർ മുതലുള്ള വേതന കുടിശികയിനത്തിൽ രൂ:39,73,882/- തൊഴിലാളികൾക്ക് നൽകാനുണ്ട്. വേതനം കുടിശികയായത് തൊഴിലാളികൾ ഈ വർഷത്തെ പ്രവൃത്തിയിൽ നിന്നും വിട്ടു നിൽക്കുന്ന സാഹചര്യം ഉണ്ടാക്കിയിട്ടുണ്ട്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | എസ്.സി.വകലാംഗർക്ക് സ്കോളർഷിപ്പ് | 100000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | ഇല്ല |
| ജില്ലാ പഞ്ചായത്ത് | 2016-17 | 1107000 | നെൽകൃഷി കൂലി ചെലവ് സബ്സിഡി | 1107000 | ഇല്ല |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 442800 | നെൽകൃഷി കൂലി ചെലവ് സബ്സിഡി | 442800 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ /ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 5/17, അംഗണവാടികൾക്ക് വൈദ്യുതി കണക്ഷൻ | 971/3.3.17 | 40000 | 40000 | - |
| കെ.എസ്.ഇ.ബി | 67/17, തെരുവു വിളക്ക് ലൈൻ എക്സ്റ്റൻഷൻ | 914/13.2.17 | 500000 | 264730 | 235270 |
| കെ.എസ്.ഇ.ബി | 78/17, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 972/3.3.17, 1130/30.3.17 | 100000 | 72061 | 27939 |
| കെ.എസ്.ഇ.ബി | 160/17, പാണ്ടിയോട്, പൂത്തക്കോട്, ചകിരാൻതൊടിക കുടിവെള്ള പദ്ധതികൾക്ക് | 1181,1182, 1183/31.3.17 | 104950 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | - |

| | | | | | |
|---|---|---|---|---|---|
| | വൈദ്യുതി കണക്ഷൻ | | | | |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

2016-17 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 80054 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2013-14& 2014-15 | 2(3) | 5000 | എം.ബാലമീനാക്ഷി | 11601100770 /30.06.2016 |
| 2013-14& 2014-15 | 2(3) | 11010 | വാവച്ചൻ, ലിറ്റിൽ ഫ്ലവർ ഇൻഡസ്ട്രീസ് | 11601100943 /26.072016 |
| 2013-14& 2014-15 | 3(3) | 64044 | ചെയർപേഴ്സൻ, സി.ഡി.എസ്, തേങ്കുറുശ്ശി | 1160150019 /21.122016 |
| ആകെ | | 80054 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 4.1.13 | 2014-15 | വിഷയാധിഷ്ഠിത അവലോകനം | നിഷ്ക്രിയമായ കാർഷിക ഉപകരണങ്ങൾ | തീർപ്പാക്കിയിട്ടില്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 67796982 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63960359 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 20122 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 106386 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-5(II) | 0 | 4200 | ഡോ:മഹി.കെ.എസ്, മെഡിക്കൽ ഓഫീസർ (പ്രാഥമിക ആരോഗ്യ കേന്ദ്രം) |
| 3-12(2) | 0 | 15922 | ശ്രീ.കൃഷ്ണനുണ്ണി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 0 | 20122 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 106386 | ശ്രീ.അജയൻ.എസ്, ഡയറി ഫാം ഇൻസ്ട്രക്ടർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ:മഹി.കെ.എസ്, മെഡിക്കൽ ഓഫീസർ (പ്രാഥമിക ആരോഗ്യ കേന്ദ്രം) | - | 4/180, ചുണ്ണാമ്പുത്തറ, വടക്കന്തറ പി.ഒ പാലക്കാട് ജില്ല |
| ശ്രീ.കൃഷ്ണനുണ്ണി, അസിസ്റ്റന്റ് എഞ്ചിനീയർ | - | കൃഷ്ണ നിവാസ്, വടവന്നൂർ.പി.ഒ പാലക്കാട് ജില്ല |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി7-276/98/24-9-1998 | റിപ്പോർട്ട് |
| 1997-98 | എൽ.എഫ്.പി7-891/98/1-11-2005 | പുനരഭിപ്രായം |
| 1998-99 | എൽ.എഫ്.പി12-324/2001/16-4-2001 | പുനരഭിപ്രായം |
| 1999-2000 | എൽ.എഫ്.പി12-929/2002/7-10-2002 | സർചാർജ്ജ് നടപടി |
| 2000-01 | എൽ.എഫ്.പി13-14/2005/26-10-2005 | പുനരഭിപ്രായം |
| 2001-02 | എൽ.എഫ്.പി13-106/2005/ 22-10-2005 | പുനരഭിപ്രായം |
| 2002-03 | എൽ.എഫ്.പി15-932/2005/7-8-2006 | പുനരഭിപ്രായം |
| 2003-04 | എൽ.എഫ്.പി15-1710/2008/8-9-2010 | പുനരഭിപ്രായം |
| 2004-05 | എൽ.എഫ്.പി15-361/2011/5-3-2011 | പുനരഭിപ്രായം |
| 2005-06 | എൽ.എഫ്.പി15-1921/2015/ 14-1-2016 | സാധൂകരണം |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.പി15-1250/2011/8-8-2011 | പുനരഭിപ്രായം |
| 2007-08 | എൽ.എഫ്.പി15-1921/2015/14-1-2016 | സാധൂകരണം |
| 2008-09 | എൽ.എഫ്.പി15-1208/2014/8-8-2014 | കത്ത് |
| 2009-10 | എൽ.എഫ്.പി15-121/2014/29-3-2014 | ശുദ്ധിപത്രം |
| 2010-11 | എൽ.എഫ്.പി15-1533/2015/10-9-2015 | സർചാർജ്ജ് നടപടി |
| 2011-12 | എൽ.എഫ്.പി15-1941/2014/ 17-11-2014 | പുനരഭിപ്രായം |
| 2012-13 | എൽ.എഫ്.പി15-1026/2015/5-3-2016 | പുനരഭിപ്രായം |
| 2013-14 & 2014-15 | കെ.എസ്.എ. പി.കെ.ഡി-15/364/16/ 29.3.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ. പി.കെ.ഡി-15/123/17/ 27.1.2017 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

# 1

# അനുബന്ധം.1

നം. കെ.എസ്.എ-പികെഡി15/1345/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 26.07.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിന്റെ 31.3.2017 ൽ അവസാനിച്ച ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ 2016-17 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതാ സംഗ്രഹം

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറ്റുന്നതിന് തൊട്ടു മുമ്പുള്ള മാർച്ച് 31തീയ്യതിയിലെ സ്ഥാവര -ജംഗമ ആസ്തികളുടെ മൂല്യത്തോടൊപ്പം തുടർ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം ചേർത്ത് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല .
2. വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്

തുകകൾ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD15/1345/2017

Kerala State Audit Department
District Audit Office
Palakkad
Date – 26.07.2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of THENKURISSI GRAMA PANCHAYATH for the year ended 31.03.2017 in Palakkad District in accordence with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994 , the rules made thereunder and the giudlines issued by the Camptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of THENKURISSI GRAMA PANCHAYATH prepared for the year 2016-17 properly presents the picture of income, expenditure and closing balance except the defects pointed in this certificate.

Deputy Director

Abstract of defects

1. The shedule B-11 in the balance sheet is not Up-dated with the value of fixed Assets.
2. The Demand, Collection and Balance amount of Property Tax shown in AFS are not agreed with the figures in Sanchaya Software.

Deputy Director